പുറത്തെഴുത്തു ഉത്തരവ്
എച്ച്3/18957/2025/പൊ.വി.വ

NO TO DRUGS

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : **20-02-2026**

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്-ന്റെ **18-02-2026** ലെ സ.ഉ.(കൈ)നം. **30/2026/GEDN** നമ്പർ ഉത്തരവ് താങ്കളുടെ അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു. **KTET** സമാന യോഗ്യത **SET, NET, M.Ed, M.Phil, Ph.D** യുള്ളവരും **01.09.2025**നു മുൻപ് മാനേജർമാർ നിയമിച്ചവരും എന്നാൽ നിയമന അംഗീകാരം ലഭിക്കാത്തവരുമായ അധ്യാപകരെ, മറ്റു വിധത്തിൽ യോഗ്യതയുണ്ടെങ്കിൽ, അവരുടെ നിയമന അംഗീകാരം ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള **2** വർഷത്തെ കാലയളവിനുള്ളിൽ **K-TET** യോഗ്യത നേടണമെന്ന വ്യവസ്ഥയിലും ബഹു. സുപ്രീം കോടതിയിൽ ഈ വിഷയത്തിൽ സർക്കാർ ഫയൽ ചെയ്തിരിക്കുന്ന റിവിഷൻ പെറ്റീഷൻ്റെ തീരുമാനത്തിനും വിധേയമായിട്ടായിരിക്കും എന്ന വ്യവസ്ഥയിലും താത്കാലികാടിസ്ഥാനത്തിൽ അംഗീകാരം നൽകേണ്ടതാണ്. മേൽ പ്രകാരം നിയമനാംഗീകാരം അനുവദിക്കുമ്പോൾ, നിയമന സമയത്ത് ഒരു സമ്മതപത്രം/ ബോണ്ട് ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും വാങ്ങേണ്ടതാണ്. ബോണ്ടിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.

Digitally signed by
R S Shibu
Date: 20-02-2026
21:19:29

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1)എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2)എല്ലാ ജില്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന )
3)സൂപ്രണ്ട്
എ ,ഇ,എഫ്.ജി.ഇ.എം,ഇ.റ്റി,ഇ,സി, സെക്ഷൻ

<u>സമ്മതപത്രം/ബോണ്ട്- മാതൃക</u>

*"ഞാൻ, പേര് ............, വിലാസം .................. , വിദ്യാഭ്യാസ വകുപ്പിൽ .............. സ്ക്കൂളിൽ .............. തീയതിയിൽ .................. അദ്ധ്യാപകനായി നിയമിതനായി*

*പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ **18.02.2026** ലെ സ.ഉ(കൈ)നം. **30/2026**/പൊ.വി.വ പ്രകാരം കെ.ടെറ്റ് ഇളവിന്റെ അടിസ്ഥാനത്തിൽ(**i.e SET/NET/M.Ed/M.phil,Ph.D)** യോഗ്യതയോടുകൂടിയാണ് ജോലിയിൽ പ്രവേശിക്കുന്നത്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽ (കെ.ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ടു **1385/2025 &** അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു.സുപ്രീംകോടതി **01.09.2025** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം) സർക്കാർ നിശ്ചയിച്ചിരിക്കുന്ന കെ.ടെറ്റ് പരീക്ഷ പാസാകുന്നതാണെന്നും പരീക്ഷ പാസായില്ലെങ്കിൽ എന്റെ നിയമനാംഗീകാരം റദ്ദ് ചെയ്യാവുന്നതാണെന്നും ഞാൻ കൈപ്പറ്റുന്ന എല്ലാ ആനുകൂല്യങ്ങളും സർക്കാരിലേക്ക് തിരിച്ചടക്കുന്നതാണെന്നും ഉറപ്പു നൽകി സത്യവാങ്മൂലം സമർപ്പിക്കുന്നു.*
*ആനുകൂല്യങ്ങൾ തിരിച്ചടക്കാത്ത പക്ഷം സർക്കാർ സ്വീകരിക്കുന്ന ഏതൊരു വിധ (റവന്യൂ റിക്കവറി/നിയമ) നടപടികൾക്കും ഞാൻ വിധേയനാകുമെന്ന ഉത്തമ ബോധ്യമുണ്ടെന്നും ഞാൻ ഉറപ്പു നൽകുന്നു.*

മാനേജർ

(ഒപ്പ്)
പേര്
തസ്തിക
സ്ക്കൂളിന്റെ പേര്

മേലൊപ്പ്
വിദ്യാഭ്യാസ ഓഫീസർ